പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 882 — 1/3/2017 ൽ മറുപടിക്ക്

## കന്നുകാലികളും കന്നുകുട്ടികളും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പാറക്കൽ അബ്ദുള്ള | അഡ്വ.കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് ആകെ എത്ര ലക്ഷം കന്നുകാലികളും കന്നുകുട്ടികളും ഉണ്ടെന്ന് വ്യക്തമാക്കുമോ; | എ) 2012-ലെ കന്നുകാലി സെൻസസ് പ്രകാരം സംസ്ഥാനത്ത് 14.3 ലക്ഷം കന്നുകാലികളുണ്ട്. ഇവയിൽ 4.77 ലക്ഷം കന്നുകുട്ടികളാണ്. |
| ബി) കടുത്ത വരൾച്ച കണക്കിലെടുത്ത് ഇവയെ സംരക്ഷിക്കാൻ ഉടമകൾക്ക് സാമ്പത്തിക സഹായം നൽകുമോ; | ബി) വരൾച്ച കൂടുതലായി ബാധിച്ച പ്രദേശങ്ങളിലെ ഉരുക്കൾക്ക് കാലിത്തീറ്റ, വെള്ളം എന്നിവ ലഭ്യമാക്കുന്നതിനായി ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. |
| സി) എങ്കിൽ കന്നുകാലികൾ, കന്നു കുട്ടികൾ എന്നിവയ്ക്ക് ദിനം പ്രതി എത്ര രൂപ വീതം സഹായ ധനം നൽകുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | സി) 20/05/2015 ലെ സർക്കാർ ഉത്തരവ് (കൈ) നം. 194/2015/ഡിഎംഡി പ്രകാരം കന്നുകാലി ക്യാമ്പുകളിൽ കാലിത്തീറ്റ, പുല്ല്/കച്ചി, വെള്ളം, മരുന്നുകൾ എന്നിവ ലഭ്യമാക്കുന്നതിന് വലിയ ഉരു ഒന്നിന് 70 രൂപയും ചെറിയ ഉരു ഒന്നിന് 35 രൂപയും ചെലവഴിക്കുന്നതിന് വ്യവസ്ഥയുണ്ട്. ഫണ്ട് ലഭ്യത അനുസരിച്ച് സഹായം നിശ്ചയിക്കുന്നതാണ്. |
| ഡി) പ്രസ്തുത സഹായധനം എന്നു മുതൽ ലഭ്യമാക്കുമെന്നറിയിക്കാമോ;<br>ഇ) ധനസഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | ഡി) & ഇ) സഹായധനം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ തീരുമാനിക്കുന്നതിനുള്ള ചർച്ചകൾ അന്തിമ ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ